Adjournment Motion

(i) Burning of a Tractor supplied to Agriculturists in Hosdrug by the Agro-Industries Corporation by certain people.

ഡെപ്യൂട്ടി സ്പീക്കർ: ഹോസ്ദുർഗ്ഗിലെ കൃഷിക്കാരുടെ ആവശ്യത്തിനായി കാഞ്ഞങ്ങാട്ടു പഞ്ചായത്തിനു് അഗ്രോ ഇൻഡസ്ട്രിയൽ കോർപ്പറേഷൻ നൽകിയ ട്രാക്ടർ, ആയുധധാരികളായ ആറോളം ആളുകൾ, പോലീസിന്റെ സാന്നിദ്ധ്യത്തിൽ തന്നെ പെട്രോൾ ഒഴിച്ചു കത്തിച്ചു നശിപ്പിച്ചതിനെത്തുടർന്നു് സ്ഥലത്തുള്ളവായിട്ടുള്ള ഗുരുതരാവസ്ഥയെപ്പറ്റി ചർച്ച ചെയ്യാൻ ശ്രീ. എൻ. കെ. ബാലകൃഷ്ണൻ ഒരടിയന്തിര പ്രമേയത്തിനു നോട്ടീസു നൽകിയിട്ടുണ്ടു്.

ശ്രീ. എം. കെ. കൃഷ്ണൻ: സർ, ഇതുസംബന്ധിച്ചു ഗവണ്മെൻറിനു വിവരമൊന്നും കിട്ടിയിട്ടില്ല. അടിയന്തിരമായി അന്വേഷിച്ചു വേണ്ട നടപടിയെടുക്കാൻ ആവശ്യപ്പെടുന്നതാണു്.

ശ്രീ. എൻ. കെ. ബാലകൃഷ്ണൻ: സർ, ഒരു.....

ഡെപ്യൂട്ടി സ്പീക്കർ: ആർഡർ, ആർഡർ. ഗവണ്മെൻറിനു് ഇതുസംബന്ധിച്ച വിവരമൊന്നും കിട്ടിയിട്ടില്ലെന്നു പറഞ്ഞു. വിവരമറിഞ്ഞു മറുപടി പറയുമ്പോൾ സംശയം ഉള്ളതു ചോദിക്കാം.

അങ്കമാലി ട്രാൻസ്ഫാർമേഴ്സ് ആൻഡു ഇലക്ട്രിക്കൽസ് ലിമിറ്റഡ് ലാക്കൗട്ടുചെയ്തതിനെയും, കമ്പനിയിൽ പോലീസു് ഇടപ്പെട്ടതിനെയും പ്രതിഷേധിച്ചു് അമ്പതോളം തൊഴിലാളികൾ സെക്രട്ടറിയറ്റു പടിക്കൽ സത്യാഗ്രഹം നടത്തുന്നതു നിടയാക്കിയിട്ടുള്ള സ്ഥിതിഗതികൾമൂലം സംജാതമായിട്ടുള്ള ഗുരുതരാവസ്ഥയെപ്പറ്റി ചർച്ചചെയ്യുന്നതിനു് സർവ്വശ്രീ എ. പി. കുര്യനും, സി. കെ. രാജനും അടിയന്തിരപ്രമേയത്തിനു നോട്ടീസു നൽകിയിട്ടുണ്ടു്.

സംസ്ഥാന ഗവണ്മെൻറിന്റെ വിജിലൻസു കമ്മിഷണർ ചട്ടങ്ങൾക്കു വിരുദ്ധമായി സർക്കാർ ആഫീസുകളിൽ, വിശേഷിച്ചു് മലപ്പുറംജില്ലാ വിദ്യാഭ്യാസ ആഫീസിൽ കയറി പരിശോധന നടത്തുകയും, ഉദ്യോഗസ്ഥന്മാരെ ഭീഷണിപ്പെടുത്തുകയും ചെയ്തതു നിമിത്തം ഉദ്യോഗസ്ഥന്മാരുടെ ഇടയിൽ ഉണ്ടായിട്ടുള്ള ഭീതിയേയും അരക്ഷിതാവസ്ഥയെയുംപറ്റി ചർച്ചചെയ്യാൻ ശ്രീ പി. എം. അബൂബേക്കർ ഒരടിയന്തിര പ്രമേയത്തിനു നോട്ടീസു നൽകിയിട്ടുണ്ടു്. ഇവ വേണ്ട നടപടികൾക്കായി ബന്ധപ്പെട്ട മന്ത്രിമാർക്കു അയച്ചുകൊടുക്കുന്നതാണു്. ഇന്നലത്തെ ഒരു അടിയന്തിരപ്രമേയത്തിനു ബഹുമാനപ്പെട്ട വിദ്യാഭ്യാസ മന്ത്രി മറുപടി പറയാനുണ്ടു്.

(ii) Hungerstrike by the Students of the Mar Athnesius College, Kothamangalam.

ശ്രീ. സി. എച്ചു്. മുഹമ്മദുകോയ: സർ, ഇന്നലെ ബഹുമാനപ്പെട്ട മെമ്പർ ടി. എം. മീതിയൻ, കോതമംഗലം മാർ അത്തനേഷ്യസു ആർട്സു കാളേജിലുണ്ടായ ഒരു സംഭവത്തെ സംബന്ധിച്ചു അടിയന്തിരപ്രമേയത്തിനു നോട്ടീസു നൽകുകയുണ്ടായി. ആ സംഭവത്തിന്റെ പശ്ചാത്തലത്തെ സംബന്ധിച്ചു് എനിക്കു കിട്ടിയ വിവരങ്ങൾ ആദ്യമായി സഭമുമ്പാകെ വയ്ക്കാം:

12–9–1969–ൽ എറണാകുളം ജില്ലയിലെ കോതമംഗലം മാർ അത്തനേഷ്യസ് കാളേജിലെ വിദ്യാർത്ഥികൾ, കൊല്ലത്തെ ചില വിദ്യാർത്ഥികളുടെ നേരേ, ഫാത്തിമാ മാതാ കാളേജിലെ പ്രക്ഷോഭം സംബന്ധിച്ചുനടത്തിയ മർദ്ദനത്തെ പ്രതിഷേധിച്ചു കൊണ്ടു് ക്ലാസുകളിൽനിന്നു മാറി നിൽക്കുകയും പഠിപ്പു മുടക്കുകയും ചെയ്തു. അതിനെ തുടർന്നു കോതമംഗലം കാളേജിലെ വിദ്യാർത്ഥികൾ രണ്ടുഗോഗമായി

LIBRARY ARCHIVES Kerala Legislative Assembly

തിരിഞ്ഞു് തമ്മിൽ വഴക്കുണ്ടാക്കുകയും മുരളീധരമാരാർ എന്നൊരു വിദ്യാർത്ഥിക്കു് നിസ്സാരമായ പരിക്കു് ഏൽപ്പിക്കുകയും ചെയ്ത സംഭവത്തെ തുടർന്നു കാളേജു് അടച്ചിട്ടു. 17–9–1969-ൽ രക്ഷിതാക്കളുടെ ഒരു സമ്മേളനം കാളേജു പ്രിൻസിപ്പാളും വിളിച്ചുകൂട്ടുകയും 12–9–1969-ലെ സംഘട്ടനത്തിനു് ഉത്തരവാദികളായ വിദ്യാർത്ഥികളുടെ പേരിൽ നടപടി എടുക്കേണ്ടതാണെന്നു സമ്മേളനത്തിൽ തീരുമാനിക്കുകയും ചെയ്തു. അതനുസരിച്ചു് പ്രിൻസിപ്പാൾ 6 വിദ്യാർത്ഥികളെ സസ്പെൻറു ചെയ്തു. അതിനെ തുടർന്നു് വിദ്യാർത്ഥി നേതാക്കൾ അതിനെതിരായി ഒരു പ്രക്ഷോഭം തുടങ്ങുന്നതാണെന്നു പ്രഖ്യാപിച്ചു. 29–9–1969–ൽ കാളേജു വീണ്ടും തുറന്നു. നാല്പതോളം വിദ്യാർത്ഥികൾ ആ ദിവസം പഠിപ്പുമുടക്കുകയും, ക്ലാസുമുറികളിൽവച്ചു കുഴപ്പം ഉണ്ടാക്കുകയും ചെയ്തു. തേഡ് ഇയർ ബീകോം വിദ്യാർത്ഥിയായ അലിയാർ, തേഡ് ഇയർ ബി. എസ്സ് സി. വിദ്യാർത്ഥിയായ സേവി എന്നിവർ ഇൻഡഫിനിറ്റു നിരാഹാര സത്യാഗ്രഹം കാളേജു പടിക്കൽ 9–10–1969-ൽ ആരംഭിക്കുകയുണ്ടായി. അതിനിടയിൽ 10–10–1969-ൽ രക്ഷിതാക്കളുടെ ഒരു യോഗം ചേരുകയും, കാളേജധികൃതർക്കു് സഹായവാഗ്ദാനം ചെയ്യുകയുമുണ്ടായി. 14–10–1969-ൽ, എറണാകുളത്തെ യൂത്തു കാൺഗ്രസു പ്രസിഡണ്ടു് നിരാഹാരവ്രതം അനുഷ്ഠിക്കുന്ന വിദ്യാർത്ഥികളെ കാണുകയും, അവർക്കു സഹായസഹകരണങ്ങളും നൽകാമെന്നു വാഗ്ദാനം ചെയ്യുകയും, വിദ്യാർത്ഥികളെ അഭിസംബോധനചെയ്തു സംസാരിക്കുകയും ചെയ്തു. ആ ദിവസം നിരാഹാരസത്യാഗ്രഹം അനുഷ്ഠിക്കുന്ന വിദ്യാർത്ഥികളുടെ അടുത്തു നിന്നിരുന്ന എൻജിനീയറിംഗ് കാളേജിലെ വിദ്യാർത്ഥികളെ പ്രിൻസിപ്പാൾ ശാസിച്ചതിനെ പ്രതിഷേധിച്ചു 14–10–1969 ഉച്ചയ്ക്കുശേഷം അവർ ക്ലാസിൽനിന്നു ഒഴിഞ്ഞു നിൽക്കുകയും, 15–10–1969-ൽ എൻജിനീയറിംഗ് കാളേജിലെയും, ആർട്സു കാളേജിലെയും ഇരുനൂറോളം വിദ്യാർത്ഥികളും ഒരു ജാഥയായി പ്രകടനം നടത്തുകയുമുണ്ടായി. ഏതാണ്ടു രാവിലെ പത്തുമണിക്കു് ഇരുപതു വിദ്യാർത്ഥി പ്രതിനിധികളും മാർ അത്തനേഷ്യസു് കാളേജിന്റെ മുൻപിലെത്തി, അനുഭാവസൂചകമായി നിരാഹാരസത്യാഗ്രഹം ആരംഭിക്കുകയും, ഉച്ചയ്ക്കുനേരം നാലുമണിവരെ അതു തുടരുകയും ചെയ്തു. അന്നു എൻജിനീയറിംഗ് കാളേജു വിദ്യാർത്ഥികളും ആർട്സുകാളേജു വിദ്യാർത്ഥികളും ക്ലാസിൽപോയി പഠിച്ചില്ല. കാളേജു അധികൃതർ രക്ഷിതാക്കളുടെ എന്നു വിശേഷിപ്പിക്കപ്പെട്ട 75 ആളുകളെ കാളേജിനകത്തു ശേഖരിച്ചിരുന്നു കാളേജു അധികൃതരുടെ ഈ നടപടിയിൽ, കാളേജിൽനിന്നു പുറത്തുപോകുകയും, പുറത്തു തടിച്ചുകൂടുകയും ചെയ്തിരുന്ന വിദ്യാർത്ഥികളിൽ സ്വാഭാവികമായും രോഷം ഉളവാക്കി. സ്റ്റാഫു ക്ലാസിൽ പ്രവേശിക്കാൻ ശ്രമിച്ചതിനെ തടഞ്ഞു. കാളേജു യൂണിയൻ ചെയർമാൻ വിദ്യാർത്ഥികളോടു എല്ലാം പുറത്തുപോകാൻ ഒരഭ്യർത്ഥന നടത്തിയെങ്കിലും അതുണ്ടായില്ല. അതിനുശേഷം പുറത്തുപോയ വിദ്യാർത്ഥികളും, രക്ഷിതാക്കളെന്നു വിശേഷിപ്പിക്കപ്പെട്ടവരും അകത്തു നിന്നിരുന്ന വിദ്യാർത്ഥികളും തമ്മിൽ കല്ലേറുണ്ടായി. രണ്ടു മണിക്കൂർനേരം അവർ പരസ്പരം കല്ലേറു നടത്തിയതിന്റെ ഫലമായി ആറു വിദ്യാർത്ഥികൾക്കും, ഒരു അംഡ് റിസർവ്വു കാൺസ്റ്റബിളിനും മുറിവേൽക്കുകയും അവരെ ആശുപത്രിയിലാക്കുകയും ചെയ്തു. കാളേജിനകത്തുണ്ടായിരുന്ന വിദ്യാർത്ഥികളെ പോലീസു സംരക്ഷണത്തോടുകൂടി പുറത്തുകൊണ്ടുപോകുകയും കാളേജു അനിശ്ചിത കാലത്തേക്കു അടച്ചിടുകയും ചെയ്തിരിക്കുകയാണു്.

15–10–1969 വൈകുന്നേരം ഒരു പ്രതിഷേധയോഗം ചേർന്നു് സർവ്വശ്രീ എസ്സോസു്, കുര്യൻ മുതലായവർ യോഗത്തിൽ പ്രസംഗിച്ചു. ശ്രീ. ടി. ഒ. ബാവ, ശ്രീ. പാറം മാണി എന്നീ നേതാക്കന്മാർ അവിടെ വരികയും, കല്ലേറിനവിധേയരായ വിദ്യാർത്ഥികളെ സന്ദർശിക്കുകയും ചെയ്തു.

16–10–1969-ൽ എറണാകുളം തേവർ കാളേജു്, സെൻറു ആൽബർട്ട കാളേജു്, മാർ അത്തനേഷ്യസു കാളേജു്, മൂവാറ്റുപുഴ, നിർമ്മലാ കാളേജു്, തൊടുപുഴ ന്യൂമാൻസു് കാളേജു്, എന്നീ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികളും പഠിപ്പു മുടക്കുകയും,

LIBRARY ARCHIVES Kerala Legislative Assembly

എറണാകുളം കോളേജിൽനിന്നും ഇരുന്നൂറ്റിഅൻപതോളം വിദ്യാർത്ഥികളും, മൂവാറ്റുപുഴനിന്നും അഞ്ഞൂറോളം വിദ്യാർത്ഥികളും തൊടുപുഴനിന്നും നൂറ്റിയൻപതോളം വിദ്യാർത്ഥികളും ഉൾപ്പെടെ ആയിരത്തോളം വിദ്യാർത്ഥികളുടെ ഒരു ഘോഷയാത്ര കോതമംഗലം ടൗണിൽ ഒരു പ്രകടനം നടത്തുകയും, തുടർന്നുവച്ചിരുന്ന ചില ഷോപ്പുകളിൽ കല്ലേറു നടത്തുകയും ഉണ്ടായി.

നിരാഹാരസത്യാഗ്രഹം നടത്തുന്ന വിദ്യാർത്ഥികളെ കസ്റ്റഡിയിലെടുത്തു ആശുപത്രിയിൽ പ്രവേശിപ്പിച്ചിട്ടുണ്ട്. ഈ സംഭവത്തെ തുടർന്ന് ചിലരുടെപേരിൽ കേസ്സെടുത്തിട്ടുണ്ട്. വിദ്യാർത്ഥികളും പ്രിൻസിപ്പാളും തമ്മിലുള്ള അച്ചടക്കപ്രശ്നം മാറി, ഇപ്പോൾ നിയമസമാധാനത്തിന്റെ പ്രശ്നമായി അതു മാറിയിരിക്കുകയാണ്. ഈ പ്രശ്നത്തിനു പരിഹാരം കാണാൻ, അവിടെ സമാധാനം പുനഃസ്ഥാപിക്കാൻ, വിദ്യാർത്ഥികളുടെ രക്ഷിതാക്കളും, കോളേജധികൃതരും തൃപ്തികരമായ രീതിയിൽ ഒരൊത്തുതീർപ്പുണ്ടാക്കാൻ പരിശ്രമിക്കുകയാണ്. എറണാകുളം കളക്ടറുടെ സാന്നിദ്ധ്യത്തിലും അദ്ധ്യക്ഷതയിലും അതിനുള്ള ശ്രമം ആരംഭിച്ചിരിക്കുകയാണ്. ആ പരിശ്രമങ്ങൾക്കു ഹാനികരമായ വിധത്തിൽ എന്തെങ്കിലും പറയണമെന്നു ഞാൻ വിചാരിക്കുന്നില്ല.

എല്ലാ ഭാഗത്തുനിന്നും, വിദ്യാർത്ഥികളും, രക്ഷിതാക്കളും, കോളേജ് ഭരണവാഹികളും വേണ്ടത്ര വിട്ടുവീഴ്ചകളോടുകൂടി ഈ പ്രശ്നത്തിനു പരിഹാരം ഉണ്ടാക്കാനും, കളക്ടരുടെ നേതൃത്വത്തിലുള്ള ഒത്തുതീർപ്പു ശ്രമം വിജയിപ്പിക്കാനും ആത്മാർത്ഥമായി സഹകരിക്കുമെന്നാണ് എന്റെ വിശ്വാസം. ബന്ധപ്പെട്ട കോളേജിനും, മറ്റു കോളേജുകൾക്കും ഉണ്ടായിട്ടുള്ള പ്രതികരണങ്ങൾ എത്രതന്നെയായാലും, വിശാലമനസ്ഥിതിയോടുകൂടി ഇതിൽ സഹകരിച്ചാൽ ഈ പ്രശ്നം പരിഹൃതമാകുമെന്നാണ് ഞാൻ വിശ്വസിക്കുന്നത്.

ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട വിദ്യാഭ്യാസ മന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ, ശ്രീ. ടി. എം. മീതിയന്റെ അടിയന്തരപ്രമേയത്തിനു് അനുമതി നൽകുന്നില്ല.

Calling Attention Under Rule 61

(i) Alleged trespass into a building of a teacher of the Teekoy School.

ഡെപ്യൂട്ടി സ്പീക്കർ: പൂഞ്ഞാറിൽ തീക്കോയി സ്കൂളിലെ ഒരദ്ധ്യാപകന്റെ കെട്ടിടം അനധികൃതമായി കൈയേറിയവരെ കോടതിയുടെ ഉത്തരവനുസരിച്ചു് ഇറക്കിവിട്ടിട്ടു്, കെട്ടിടം ഉടമസ്ഥനെ ഏല്പിച്ചിട്ടും, ഒരു കൂട്ടം ആളുകൾ വീണ്ടും കെട്ടിടം കൈയേറിയതിനെ തുടർന്നു് സ്ഥലത്തുളവായിട്ടുള്ള ഗുരുതരാവസ്ഥ ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെടുത്താൻ റൂൾ 61 അനുസരിച്ചു് ശ്രീ. കെ. എം. ജോർജ്ജു് ഒരു നോട്ടീസു നൽകിയിട്ടുണ്ടു്.

ശ്രീ. കെ. എം. ജോർജ്ജു്:—സർ, ഏതാനും ദിവസങ്ങളായി, വെട്ടിപ്പുറമ്പു് തീക്കോയി പഞ്ചായത്തിൽ, തീക്കോയി സ്കൂളിലെ ഒരദ്ധ്യാപകന്റെ കെട്ടിടത്തിൽ താമസിച്ചിരുന്ന ആളിനെ മുൻസിഫു് കോടതി നിയമപ്രകാരം പോലീസു സഹായത്തോടെ ഒഴിവാക്കി ഉടമസ്ഥനെ കെട്ടിടം ഏല്പിക്കുകയുണ്ടായി. ഉടമസ്ഥനായ അദ്ധ്യാപകൻ കെട്ടിടം കൈയേറുന്നതിനുശേഷം 'കോടതി ഇറക്കിവിട്ടതു ശരിയല്ല, ഞങ്ങൾക്കു നിയമമൊന്നും ബാധകമല്ല' എന്ന മട്ടിൽ ഒരു വിഭാഗം ആളുകൾ—പേരു ഞാൻ പറയുന്നില്ല—ആയുധധാരികളായി വന്നു്, കെട്ടിടത്തിന്റെ കതകു് തല്ലിപ്പൊളിച്ചു് അകത്തു കയറി താമസമായിരിക്കുകയാണ്. ഈ സംഭവത്തിൽ നാട്ടുകാരുടെ പ്രതികരണം വളരെയധികം ആശങ്കാജനകമാണ്. ഇങ്ങനെ നിയമം കൈയിലെടുത്തു എന്തുംചെയ്യാമെന്ന ഒരു സ്ഥിതിവിശേഷം ഉണ്ടാകുന്നതു ശരിയല്ല. ആളുകളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകാൻ ആരുമില്ലാത്ത ഒരു അരക്ഷിതാവസ്ഥ ഈ നാട്ടിലുണ്ടാകുന്നതു വളരെ കഷ്ടമാണ്. പോലീസധികാരികളുടെ

LIBRARY ARCHIVES Kerala Legislative Assembly